# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *164 01.02.2018-ലെ മറുപടിക്ക്

## ബയോമെട്രിക് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.റോജി .എം. ജോൺ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) | ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25.02.2017-ലെ സ.ഉ(പി) നം.3/2017/ഉഭപവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം അംഗീകരിച്ച് 13.07.2017-ലെ സ.ഉ(അച്ചടി) നം.9/2017/ഉഭപവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>2. പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ലക്ഷ്യത്തോടു കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. കൂടാതെ ഭരണ സംവിധാനത്തിൽ സമഗ്രമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുവാനായി ശ്രീ.വി.എസ്.അച്യുതാനന്ദൻ ചെയർമാനായി സംസ്ഥാനത്ത് ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.<br>3. ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി ഔദ്യോഗിക ഭാഷാവകുപ്പും |

| | | | |
|---|---|---|---|
| | | | കളക്ടറേറ്റുകളുമായി സഹകരിച്ച് ജില്ലാതല ഓഫീസർമാർക്കായി ഭരണ ഭാഷാവബോധന പരിപാടി സംഘടിപ്പിച്ചു വരികയാണ്. ജില്ലാ ഓഫീസർമാർക്കുപരിയായി സർവ്വകലാശാലകൾ, കമ്മീഷനുകൾ തുടങ്ങിയവയിലെ ഉദ്യോഗസ്ഥർക്കായി ഭരണഭാഷാവബോധ പരിപാടി സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് കളക്ടറേറ്റുകൾ മുഖേന മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ലഭ്യമാക്കുന്നതിനായി രണ്ടു കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>4. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ കൃത്യനിഷ്ഠ ഉറപ്പാക്കുന്നതിന് നിലവിലുണ്ടായിരുന്ന ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 01.01.2018 മുതൽ കർശനമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സത്യസന്ധവും നീതിപൂർവ്വവുമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്നതിന് കേരള ക്രിമിനൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി "The Criminal Law (Second Kerala Amendment)Bill, 2018 എന്ന ബില്ലിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. നിയമനിർമ്മാണത്തിനുള്ള നടപടികൾ നിയമവകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) | ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നതിന് 2017 ഏപ്രിലിന് ശേഷം ഐ.എം.ജി. എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ഐ.എം.ജിയിൽ പൊതുവായി പരിശീലന പദ്ധതി തയ്യാറാക്കുന്നത് ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്. എന്നാൽ 2017 ജൂലൈ 13-ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പരിഷ്കരിച്ച പരിശീലന നയം പ്രകാരം സിവിൽ സർവ്വീസിലെ ഉയർന്നതും, സർക്കാർ നയരൂപീകരണത്തിൽ ഭാഗഭാക്കാകുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കു വേണ്ടി സംസ്ഥാനതല ശിൽപശാലകൾ നടത്തുകയുണ്ടായി. പരിഷ്കരിച്ച പരിശീലന നയം സംസ്ഥാന ജീവനക്കാരെ പരിശീലനാവശ്യാർത്ഥം |

| | | | |
|---|---|---|---|
| | | | നാല്ല വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. അതിൽ നാലാമത്തെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സിവിൽ സർവ്വീസിലെ ഉയർന്നതും സർക്കാർ നയരൂപീകരണത്തിൽ ഭാഗഭാക്കാവുകയും ചെയ്യുന്ന ജീവനക്കാരെയാണ്. ഈ ജീവനക്കാർക്കു വേണ്ടി സംസ്ഥാനതല ശിൽപശാലകൾ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി 2017 ഏപ്രിലിനു ശേഷം നടത്തുകയുണ്ടായി. ഇതു കൂടാതെ പരിശീലന നയത്തിൽ ആവശ്യപ്പെട്ടതിൻ പ്രകാരം സംസ്ഥാനത്തെ എല്ലാ പരിശീലന സ്ഥാപനങ്ങളുടെയും ആവശ്യം പരിഗണിച്ച് ഒരു സംസ്ഥാന പരിശീലന പദ്ധതി (State Training Plan) തയ്യാറാക്കിയിട്ടുണ്ട്. പരിശീലന നയത്തിലെ മറ്റ് പരിപാടികൾ ആസൂത്രണം ചെയ്തു തുടങ്ങിയിട്ടുണ്ട്. |
| (ഡി) | സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയിട്ടുള്ള ബയോമെട്രിക് സംവിധാനം ഉദ്യോഗസ്ഥരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ സഹായകമായിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | പ്രസ്തുത സംവിധാനം മന്ത്രിമാരുടെ ഓഫീസുകളിൽ കൂടി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സെക്രട്ടേറിയറ്റിലെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ മന്ത്രിമാരുടെ ഓഫീസുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

Dupe

**സെക്ഷൻ ഓഫീസർ**